(സി) ഇതു സംബന്ധിച്ച് കൃഷി ഡയറക്ടർ സമർപ്പിച്ച പുതുക്കിയ പ്രൊപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ്.

പഴവർഗ്ഗങ്ങൾ വ്യാപകമായ തോതിൽ ഉല്പാദിപ്പിക്കാൻ നടപടി

89 [1097] ശ്രീ. വർക്കല കഹാർ:
,, എം. എ. ചന്ദ്രശേഖരൻ:
,, ബി. വിജയകുമാർ:
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾക്ക് ആവശ്യമായ പഴ വർഗ്ഗങ്ങൾ വ്യാപകമായ തോതിൽ ഉല്പാദിപ്പിക്കുവാൻ പരിപാടിയുണ്ടോ;

(ബി) ഏതെങ്കിലും വിദേശ കമ്പനികൾ സംസ്ഥാനത്ത് ഫലവർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിന് താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് തരിശായി കിടക്കുന്ന വയലുകളിൽ ഫലവൃക്ഷങ്ങൾ കൃഷി ചെയ്യുന്നതിനെ പ്രോത്സാഹിപ്പിക്കുമോ എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) പഴവും പച്ചക്കറികളും വ്യാപകമായ തോതിൽ ഉല്പാദിപ്പിക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കാൻ തുടങ്ങിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ മാക്രോമാനേജ്മെന്റ് പദ്ധതിയുടെ കീഴിലുള്ള പദ്ധതികൾക്ക് പുറമെ കാർഷിക കയറ്റുമതി മേഖലാ പദ്ധതി പ്രകാരം 3,000 ഹെക്ടർ സ്ഥലത്ത് നേന്ത്രവാഴയും 500 ഹെക്ടർ സ്ഥലത്ത് കൈതച്ചക്കയും 500 ഹെക്ടർ സ്ഥലത്ത് പച്ചക്കറികളും ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കൂടാതെ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിലും പഴം പച്ചക്കറികളുടെ ഉല്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൃഷിയിൽ സ്ത്രീജനങ്ങൾ പദ്ധതിപ്രകാരവും പഴവർഗ്ഗങ്ങളും പച്ചക്കറികളും ഉല്പാദിപ്പിച്ചുവരുന്നുണ്ട്.

(ബി) പെപ്സികോ ബിവറേജസ് ഇന്റർനാഷണൽ എന്ന കമ്പനിക്ക് താല്പര്യമുള്ളതായി അറിയുന്നു. വിദേശ കമ്പനികൾക്ക് തേയിലയ്ക്കൊഴികെ ഭൂമിയിൽ നേരിട്ടുള്ള നിക്ഷേപത്തിന് ഇൻഡ്യാ ഗവൺമെന്റ് അനുമതി നല്കിയിട്ടില്ല.

(സി) നെൽക്കൃഷി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ തരിശായി കിടക്കുന്ന വയലുകളിൽ കഴിവതും നെൽക്കൃഷിതന്നെ തുടരണമെന്നതാണ് സർക്കാരിന്റെ നയം. എങ്കിലും നെൽക്കൃഷിക്ക് യോഗ്യമല്ലാതായിത്തീർന്നിട്ടുള്ളവയുണ്ടെങ്കിൽ അവയിൽ മറ്റു ഭക്ഷ്യവിളകൾ ഉല്പാദിപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

പുതിയ കൃഷിഭവനുകൾ അനുവദിക്കുന്ന നടപടി

90 [1098] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly